# ഈശോയുടെ തിരുഹൃദയ നൊവേന



## പ്രാരംഭ ഗാനം

(മറിയമേ നിന്റെ..... എന്ന രീതി)

ഈശോതൻ ദിവ്യ ഹൃദയമേ നിന്നെ
സ്നേഹിപ്പാൻ കൃപയേകണേ
നിൻ തിരുരക്തം വിലയായ് നൽകി നീ
ലോകത്തിൻ പാപം മോചിച്ചു.

കൽപ്പന തെല്ലും പാലിക്കാതെ ഞാന്
ഇന്നോളമങ്ങേ ദ്രോഹിച്ചു
പാപങ്ങളെല്ലാം വിസ്മരിച്ചെന്നെ
പൂർണ്ണമായ് കൈക്കൊണ്ടീടണേ,

കനിവോടെ എന്നെ കാക്കണേ എന്റെ
യാചനയെല്ലാം കേൾക്കണേ
ഇനിമേലിന്നുതൊട്ടൊരുനാളുമങ്ങേ
പിരിയാതിരിപ്പാൻ തുണയേകു.

## പ്രാരംഭ പ്രാർത്ഥന

അനന്ത നന്മസ്വരൂപിയായ ദൈവമേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങേ ഏക പുത്രനെ ഈ ലോകത്തിലേക്കയച്ച് പാപാന്ധകാരത്തിൽ നിപതിച്ച മനുഷ്യരാശിയെ രക്ഷിക്കാൻ തിരുമനസായതിനെ ഓർത്ത് ഞങ്ങള് അങ്ങയെ സ്തുതിക്കുന്നു. ഞങ്ങളുടെ രക്ഷയും ആശ്രയവുമായ ഈശോയെ, പാപികളായ ഞങ്ങളോരോരുത്തരെയും അങ്ങ് കാത്തുരക്ഷിക്കണമേ. അങ്ങേ ദിവ്യഹൃദയം വഴിയായി അപേക്ഷിക്കുന്ന സകലവും ലഭിക്കുമെന്ന് അങ്ങ് വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ. ഈശോയുടെ തിരുഹൃദയ ഭക്തരായ ഞങ്ങളുടെ പ്രാർത്ഥനകള് അങ്ങ് കൈക്കൊള്ളണമേ. പ്രത്യേകമായി ഈ നൊവേനയിൽ ഞങ്ങളപേക്ഷിക്കുന്ന കാര്യങ്ങൾ ....., സാധിച്ചുതന്ന് ഞങ്ങൾക്കു സമാധാനവും സഹായവും നൽകണമെന്ന് അങ്ങയോടു ഞങ്ങള് അപേക്ഷിക്കുന്നു.
1 സ്വർഗ. 1 നന്മ. 1 ത്രിത്വ.

## സമൂഹ പ്രാർത്ഥന

(ഈശോ വിശുദ്ധ മർഗരീത്താ മറിയത്തിന്നു പ്രത്യക്ഷപ്പെട്ട് നൽകിയ 12 വാഗ്ദാനങ്ങളെക്കുറിച്ച് നമുക്കു ധ്യാനിക്കാം.) .

**കാർമ്മി:** "എന്റെ ദിവ്യഹൃദയ ഭക്തരുടെ ജീവിതാന്തസ്സിനു വേണ്ട എല്ലാ അനുഗ്രഹങ്ങളും ഞാന് പ്രദാനംചെയ്യും" എന്നരുളിച്ചെയ്ത ഈശോയെ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "അവരുടെ കുടുംബങ്ങളിൽ ഞാന് സമാധാനം നൽകും" എന്നരുളിച്ചെയത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "അവരുടെ സങ്കടങ്ങളിൽ ഞാന് അവരെ ആശ്വസിപ്പിക്കും" എന്നരുളിച്ചെയത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "ജീവിതകാലത്തും പ്രത്യേകം അവരുടെ മരണസമയത്തും ഞാൻ അവർക്ക് ഉറപ്പുള്ള സങ്കേതമായിരിക്കും എന്നരുളി ചെയ്ത" ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "അവരുടെ എല്ലാ പ്രയത്നങ്ങളിലും ഞാൻ അനവധി ആശീർവാദങ്ങള് നൽകും എന്നരുളിചെയ്ത" ഈശോയെ,
സമൂ" ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "പാപികൾ എന്റെ ഹൃദയത്തില് അനുഗ്രഹത്തിന്റെ വറ്റാത്ത ഉറവയും സമുദ്രവും കണ്ടെത്തും" എന്നരുളിച്ചെയ്ത ഈശോയെ'

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "മന്ദതയുള്ള ആത്മാക്കൾ തീക്ഷ്ണതയുള്ളവരാകും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "തീക്ഷ്ണതയുള്ള ആത്മാക്കൾ അതിവേഗം പരിപൂർണ്ണതയുടെ പദവിയില് പ്രവേശിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "എന്റെ തിരുഹൃദയരൂപം പ്രതിഷ്ഠിച്ച വണങ്ങുന്ന ഭവനങ്ങളിൽ എന്റെ ആശീർവാദമുണ്ടാകും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "കഠിനഹൃദയരായ പാപികളെ മനസ്സുതിരിക്കുന്നതിനുള്ള വരം വൈദികർക്കു ഞാന് നൽകും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നവരുടെ നാമം എന്റെ ഹൃദയത്തിൽ ഞാന് സൂക്ഷിക്കും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** "ഒൻപത് ആദ്യവെള്ളിയാഴ്ച തുടർച്ചയായി വിശുദ്ധ കുർബാന സ്വീകരിക്കുന്നവർക്ക് അവസാനം വരെയുള്ള നിലനില്പിന്റെ വരം നൽകും" എന്നരുളിച്ചെയ്ത ഈശോയെ,

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

"വഴിയും സത്യവും ജീവനും ഞാനാകുന്നു" എന്നും "അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാന് നിങ്ങളെ ആശ്വസിപ്പിക്കാം", എന്നും "എന്റെ നാമത്തിൽ നിങ്ങള് എന്നോട് അപേക്ഷിക്കുന്നതെല്ലാം ഞാൻ നിങ്ങൾക്കു തരും" എന്നും അരുൾചെയ്ത ഈശോനാഥാ, അങ്ങ് ഞങ്ങളുടെ പ്രാർത്ഥനകള് കൈക്കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

# ലുത്തീനിയ

**കാർമ്മി:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടും കൂടെ ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** കാലിത്തൊഴുത്തിൽ പിറന്ന്, 33 വത്സരം ഇഹലോകത്തില് ജീവിച്ച്, കാൽവരിയില് കുരിശില് മരിച്ച്, മൂന്നാംദിനം ഉയിർത്തെഴുന്നേറ്റ്, ഞങ്ങളെ രക്ഷിച്ച ഈശോനാഥാ, ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ നിരവധിയായ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെന്നും, മേലിൽ പാപത്തില് വീഴാതെ ഞങ്ങളെ അനുഗ്രഹിക്കണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** പ്രകൃതിക്ഷോഭം, തീരാരോഗങ്ങൾ, അപകടങ്ങള്, ദാരിദ്ര്യം ഇവയിൽനിന്നും മോചനം നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** നല്ലകാലാവസ്ഥയും സമൃദ്ധമായ വിളവുകളും നൽകി ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിയണെമേ.

**കാർമ്മി:** എല്ലാ മനുഷ്യരും സഹോദരസ്നേഹത്തിലും സഹവർത്തിത്വത്തിലും സാധുജനാനുകമ്പയിലും വളർന്നുവരുവാന് അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഞങ്ങളുടെ മക്കൾ സ്നേഹത്തിലും അനുസരണയിലും ദൈവഭക്തിയിലും അധികാരാദരവിലും വളർന്നുവരുവാന് അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** എല്ലാ വിദ്യാർത്ഥീ-വിദ്യാർത്ഥിനികളും പഠനത്തില് സമർത്ഥരും സഹപാഠികളോടു സ്നേഹമുള്ളവരും അദ്ധ്യാപകരോട് ആദരവുള്ളവരുമായി വളർന്നുവരുവാന് അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

**കാർമ്മി:** ഈ നൊവേനയിൽ സംബന്ധിച്ച് പ്രാർത്ഥിക്കുന്ന ഞങ്ങള് ഓരോരുത്തരുടെയും ആവശ്യങ്ങള് സാധിച്ചുതന്ന് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങള് പ്രാർത്ഥിക്കുന്നു.

**സമൂ:** ഈശോയുടെ ദിവ്യഹൃദയമേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

## പ്രാർത്ഥിക്കാം

എന്റെ ഈശോയെ, ഗാഗുൽത്താമലയില് രണ്ടു കള്ളന്മാരുടെ നടുവില് കുരിശിന്മേൽ തൂങ്ങിക്കിടന്ന് അങ്ങേ തിരുഹൃദയം കുന്തത്താൽ കുത്തിത്തുറക്കപ്പെട്ട്, അവസാനതുള്ളി രക്തംവരെ ചിന്തി മനുഷ്യകുലത്തെ രക്ഷിച്ചതിനെ ഓർത്ത് ഞങ്ങള് അങ്ങയെ ആരാധിക്കുന്നു. ഞങ്ങളുടെ പാപങ്ങളുടെ കാഠിന്യത്താലാണ് അങ്ങ് ഇത്ര കഠോരമായ പീഡകൾ സഹിച്ചത് എന്ന് ഓർത്ത് ഞങ്ങൾ പൊറുതിയപേക്ഷിക്കുന്നു. കരുണാവാരിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ ദൈവമേ, അങ്ങേ സന്നിധിയില് കേണപേക്ഷിക്കുന്ന ഞങ്ങളുടെ പാപങ്ങൾ മായ്ച്ചുകളയുകയും സ്വർഗ്ഗഭാഗ്യത്തിന് അർഹരാക്കുകയും ചെയ്യണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ. ആമ്മേൻ.

## സമാപന പ്രാർത്ഥന

സ്നേഹംനിറഞ്ഞ ഈശോയുടെ ദിവ്യഹൃദയമേ, അങ്ങേ തിരുമുമ്പിൽ സാഷ്ടാംഗം പ്രണമിച്ച് എന്റെ പൂർണ്ണഹൃദയത്തോടെ അങ്ങയെ ആരാധിക്കുന്നു. അങ്ങേ ദിവ്യഹൃദയത്തിൽ എന്റെ ആത്മാവിനെ ഞാന് സമർപ്പിക്കുന്നു. കാരുണ്യവാനായ ഈശോയെ, പാപത്താൽ വിരൂപമായിരിക്കുന്നതും കോപാഗ്നിയാല് ജ്വലിക്കുന്നതുമായ എന്റെ ഹൃദയത്തെ കടാക്ഷിക്കണമേ. എന്റെ നല്ല ഈശോയെ, എന്റെ എല്ലാ ദുർഗുണങ്ങളും നീങ്ങുന്നതിനും അങ്ങേ സ്നേഹശീലവും ക്ഷമയും കണ്ടുപഠിക്കുന്നതിനും വേണ്ട അനുഗ്രഹം നൽകണമേ. അങ്ങേ മഹത്വത്തിനും ശക്തിക്കു യോജിച്ചവിധം അങ്ങയെ സ്നേഹിക്കത്തക്ക ഒരു ഹൃദയം എനിക്കു നൽകണമേ. കർത്താവേ അങ്ങേ അനന്തകൃപയാല് എന്റെ പ്രാർത്ഥന സ്വീകരിച്ച് എന്നെ അനുഗ്രഹിക്കണമേ. ആരാധനയക്കു പാത്രമായ ഈശോയുടെ ദിവ്യഹൃദയമേ, അങ്ങ് എന്റെ ആവശ്യങ്ങളും ആഗ്രഹങ്ങളും വ്യക്തമായി അറിയുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. അങ്ങ് ഞങ്ങൾ ഓരോരുത്തരേയും കനിഞ്ഞ് അനുഗ്രഹിക്കണമേ. ഈ നൊവേനയിൽ ഞങ്ങള് പ്രത്യേകം പ്രാർത്ഥിക്കുന്ന .......... ആവശ്യം അങ്ങേ കൃപാകടാക്ഷത്താൽ സാധിച്ചുതന്ന് ഞങ്ങളെ രക്ഷിക്കണമെന്നുഞങ്ങൾ വിനയപുരസരം അപേക്ഷിക്കുന്നു. ആമ്മേൻ.

## സമാപന ഗാനം

കാരുണ്യനിധിയാമീശോ
കാത്തരുളീടുക നീ
നിത്യമായ് സ്നേഹിച്ചീടാൻ
ഞങ്ങളിൽ കൃപയേകു നീ.

സാത്താനാൽ ബന്ധിതനായ
പാപവഴി നടന്നു
ബന്ധനം നീക്കിയെന്നെ
നേർവഴി കാട്ടേണമേ.

സ്നേഹത്തിൻ സന്ദേശങ്ങള്
മാനവർക്കേകിയോനെ
ആലംബഹീനർ ഞങ്ങള്
നിത്യം വണങ്ങീടുന്നു.

തൂലിക